


ബൈബിളിൽ സത്യം
THE BIBLE TRUTH

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 11** **January 1998** **No. 10**

## എഡിറ്റോറിയൽ

ഒന്നിലും യാതൊരു ഉറപ്പുമില്ലാതെ എങ്ങനെയെങ്കിലും എന്തെങ്കിലും ചെയ്തു വരുന്നവരെ കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? രാജ്യഭേദമെന്യേ വർഗ്ഗീയ, രാഷ്ട്രീയ, മതഭേദമെന്യേ എല്ലാ പ്രതലങ്ങളിലും ഇത് കണ്ടെത്താവുന്നതാണ്. പണ്ടൊക്കെ ദീർഘവീക്ഷണവും നിശ്ചയ ദാർഢ്യവുമുള്ള വ്യക്തികളും സമൂഹങ്ങളും നില നിന്നിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. പക്ഷെ ഇന്നത്തെ മനുഷ്യരുടെ സ്ഥിതി വളരെ പരിതാപകരമായി തീർന്നിരിക്കുന്നു. ബാഹ്യമായ പലതിലും അവരുടെ ബുദ്ധിയും മനസ്സും ശരീരവും ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എന്നാൽ നിത്യവും ശോഷിച്ചു വരുന്ന ആന്തരികതയെ അവർ തിരിച്ചറിയുന്നില്ലല്ലോ. തലമുറകൾ തമ്മിലുള്ള അന്തരം ഇങ്ങനെ പോകുകയാണെങ്കിൽ ഭാവി തലമുറകൾ എവിടെച്ചെന്നു നില്ക്കും?

ഒരു വൃദ്ധനായ രോഗി ഒരിക്കൽ ഒരു ഡോക്ടറെ സമീപിച്ചു. തനിക്കു ദീർഘകാലമായി നേരിട്ടുകൊണ്ടിരുന്ന രോഗത്തെ കുറിച്ചും അതിനു സ്വീകരിച്ചിരുന്ന പ്രതിവിധികളേയും, കഴിച്ച മരുന്നുകളേയും അദ്ദേഹം ഡോക്ടറോടു വിശദമായി പറഞ്ഞു. എന്നിട്ട് അദ്ദേഹം പറഞ്ഞത്: പണ്ടൊക്കെ ഈ രോഗം വന്നാൽ ഒരൊററ പ്രാവശ്യം വീട്ടിലുള്ള മരുന്നു കഴിച്ചാൽ മാറുമായിരുന്നു. പക്ഷെ ഇന്നു എത്ര മരുന്നു കഴിച്ചാലും ഫലമില്ല എന്നായി

രുന്നു. ഡോക്ടറുടെ മറുപടി ''അന്നത്തെ ശരീര പ്രകൃതിയും ആഹാരവും ഒന്നു വേറെ; ഇന്നത്തേത് ഒന്നു വേറെ; അതാണ് കാരണം എന്നു ഉത്തരം നല്കി. ഡോക്ടറുടെ കണ്ടെത്തൽ ശരിയാണ്. എങ്കിലും അവശേഷിക്കുന്ന ഒന്നുണ്ട്. ഈ മാററം എന്തിനു വേണ്ടി? അതിന്റെ പരിണിത ഫലം ജനങ്ങൾ അനുഭവിക്കയാണ് ചെയ്യുന്നത്. പല പരീക്ഷണങ്ങളും ആഹാര പദാർത്ഥങ്ങളിൽ നടത്തുകയും തൽഫലമായി പാർശ്വഫലങ്ങൾ അവർ അനുഭവിക്കയുമാണ് ചെയ്യുന്നത്.

ഒരിക്കലും മാററമില്ലാത്ത ചില കാര്യങ്ങളെ മനുഷ്യൻ അവഗണിച്ചിരിക്കുന്നത് കാണുമ്പോൾ വളരെ പ്രയാസം തോന്നും. അതായത് ധാർമ്മികവും മതപരവുമായ കാര്യങ്ങളാണ് അവ. ദൈവത്തിനും ദൈവിക കാര്യങ്ങൾക്കും മുൻഗണന കൊടുക്കേണ്ടതിനു പകരം ദൈവമല്ലാത്തതിനും ദൈവികമല്ലാത്തതിനും ആളുകൾ പ്രഥമ സ്ഥാനം കൊടുക്കുന്നു. ഇത് അവരുടെ ജീവിതത്തെ ക്രമ വിരുദ്ധമാക്കുന്നു. കാരണം ദൈവ നിയന്ത്രണം അവരിൽ ഇല്ലാതെ പോകുന്നു. അവരുടെ ഹൃദയത്തിൽ ദൈവത്തിനു സ്ഥാനമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. യാഥാർത്ഥ്യ ബോധത്തോടെ അവർ ദൈവത്തെ തിരിച്ചറിഞ്ഞ് ദൈവത്തിന്റെ ഉപദേശങ്ങളെ കൈക്കൊള്ളണം. അതാണ് വേണ്ടത്. അങ്ങനെ ചെയ്യുമ്പോൾ അവരുടെ പ്രവൃത്തികൾ ലക്ഷ്യ ബോധത്തോടു കൂടിയതായിരിക്കും. അതിനു ഒരു സൽഫലവും ലഭിക്കും.

ഒരിക്കൽ മോശെയുടെ കാലത്തു ദൈവ വചനം മാതാപിതാക്കൾ അവരുടെ മക്കൾക്കു ഊണിലും ഉറക്കത്തിലും, നടപ്പിലും കിടപ്പിലും പറഞ്ഞു കൊടുക്കുമായിരുന്നു. അതിനാൽ അവരുടെ ജീവിതം മനോഹരമായിരുന്നു. ആ സമൂഹം വളരെ മതിക്കപ്പെട്ടതും ആയിരുന്നു.

★

# ആർക്കു രക്ഷിക്കപ്പെടാൻ കഴിയും

J. C. ചോട്ട്

ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു എത്ര പ്രയാസമേറിയ കാര്യമാണെന്നു ഒരിക്കൽ യേശു തന്റെ ശിഷ്യന്മാരെ പറഞ്ഞു മനസിലാക്കുകയായിരുന്നു. അപ്പോൾ ശിഷ്യന്മാർ അവനോടു ചോദിച്ച സുപ്രധാനമായ ചോദ്യമായിരുന്നു ഇത്. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു എളുപ്പം എന്നും ഞാൻ നിങ്ങളോടു പറയുന്നു. അതു കേട്ടു ശിഷ്യന്മാർ ഏററവും വിസ്മയിച്ചു, എന്നാൽ രക്ഷിക്കപ്പെടുവ്വാൻ ആർക്കു കഴിയും എന്നു പറഞ്ഞു. യേശു അവരെ നോക്കി; അതു മനുഷ്യർക്കു അസാദ്ധ്യം എങ്കിലും ദൈവത്തിനു സകലവും സാദ്ധ്യം എന്നു പറഞ്ഞു (മത്തായി 19:24-26).

ലോകത്തിന്റെ ഇന്നത്തെ പോക്കു നോക്കിയാലും മതപരമായ ലോകത്തെ വീക്ഷിച്ചാലും, നടമാടിക്കൊണ്ടിരിക്കുന്ന അധാർമ്മികത്വവും അഴിമതിയും ഭിന്നതയും കാണുമ്പോൾ അന്ന് അവർ ചോദിച്ച അതേ ചോദ്യം ചോദിക്കുവാൻ നമ്മെയും പ്രേരിപ്പിക്കുന്നു. ചിലർ പാപത്തിന്റെ അഗാധ ഗർത്തത്തിൽ ആയിരിക്കുന്നതുകൊണ്ടു കർത്താവ് അവരെ രക്ഷിക്കുകയില്ല എന്ന തോന്നലിലാണ്. കർത്താവ് ആവശ്യപ്പെടുന്ന രീതിയിലുള്ള ഒരു ജീവിതരീതി കൈവരിക്കാൻ പ്രയാസമാണെന്നു കരുതുന്നവരും ഉണ്ട്. ലോകത്തിന്റെ കാഴ്ചപ്പാട് ഇങ്ങനെ വിവിധ രീതികളിൽ പെടുന്നതാണ്. സാമാന്യ ബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ ഗ്രഹിക്കുവാൻ നമുക്കു കഴിയണം.

ഭൂരിഭാഗം പേർക്കും രക്ഷിക്കപ്പെടാൻ കഴിയുന്നില്ല എന്നതു വാസ്തവമാണ്. അതിൽ ഒരുപക്ഷെ നിങ്ങളും ഒ

രാളായിരിക്കാം. യേശുക്രിസ്തു ക്രൂശിൽ മരിച്ചു. അതു സർവ്വ ലോകത്തിൻെറയും പാപ പരിഹാരത്തിനു വേണ്ടിയായിരുന്നു എന്നതും സത്യമാണ്. എല്ലാവർക്കും രക്ഷിക്കപ്പെടുവാനുള്ള വഴി യേശുക്രിസ്തു ഒരുക്കി. എല്ലാവരും രക്ഷ പ്രാപിക്കണമെന്നാണ് ദൈവത്തിൻെറ ആഗ്രഹം. എന്നാൽ കർത്താവിൻെറ ഉപദേശത്തെ അംഗീകരിക്കാൻ തയ്യാറാവുണ്ടോ? വളരെ ലളിതമായ കാര്യങ്ങളാണ് കർത്താവ് പറഞ്ഞിട്ടുള്ളത്. പക്ഷേ അത് അനുസരിക്കുവാൻ മനുഷ്യർ പല തടസവാദങ്ങളും സ്വീകരിക്കുന്നു. അതുകൊണ്ടു അവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നില്ല.

ഇന്നു രക്ഷിക്കപ്പെടാൻ കഴിയാത്ത ഏതാനും ആളുകളുടെ വർത്തമാന കാല സ്ഥിതി നമുക്കു ശ്രദ്ധിക്കാം. അവിശ്വാസിക്കു രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല. ദൈവം പറഞ്ഞിരിക്കുന്നത്: വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല എന്നാണ് (എബ്രായർ 11:6). ജഡിക പ്രവൃത്തി ചെയ്യുന്നവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരിണികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1കൊരിന്ത്യർ 6:9-10). രക്ഷിക്കപ്പെടാൻ കഴിയാത്തതു കൊണ്ടാണ് അവരെ കർത്താവ് തൻെറ രാജ്യമാകുന്ന സഭയിലേക്കു ചേർക്കാത്തത്. രക്ഷിക്കപ്പെടുന്നവരെയാണ് അവൻ സഭയോടു ചേർക്കുന്നത് (പ്രവൃത്തി 2:47).

ജഡത്തിൻെറ പ്രവൃത്തികൾ ചെയ്യുന്നവർക്കു രക്ഷിക്കപ്പെടാൻ കഴിയാത്തതുകൊണ്ടു അവർക്കു സഭയിൽ അംഗത്വവും നിഷേധിക്കപ്പെടുന്നു. പൊതുവിൽ ഇന്നു മതവി

രോഗങ്ങളിൽ അംഗങ്ങളാകുന്നവർക്കു ഇതൊന്നും പ്രശ്നമല്ല എന്നു നമുക്ക് അറിയാം. പക്ഷെ രക്ഷിക്കപ്പെടാത്ത ആർക്കും കർത്താവിന്റെ സഭയിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല. രക്ഷിക്കപ്പെടുന്നവർ കർത്താവിന്റെ സഭയിലായിരിക്കും. രക്ഷിക്കപ്പെടാത്തവർ സഭക്കു പുറത്തായിരിക്കും. ഇതു നമ്മെ പഠിപ്പിക്കുന്ന കാര്യമെന്തെന്നാൽ ദൈവത്തിനു നമ്മെ രക്ഷിക്കാൻ കഴിയും. പക്ഷെ ആ രക്ഷക്കായി ദൈവം അരുളിച്ചെയ്തിരിക്കുന്ന ഉപദേശങ്ങളെ അനുസരിക്കണം. അതു അനുസരിക്കുവാൻ തടസമായി നില്ക്കുന്നതിനെ നിങ്ങൾ തട്ടി മാററണം. അതാണ് നിങ്ങൾ ചെയ്യേണ്ടത്.

ക്രിസ്തുവിനെ നിഷേധിക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നില്ല. ''എന്നെ മനുഷ്യരുടെ മുമ്പിൽ തള്ളിപ്പറയുന്നവരെ ഞാൻ പിതാവിന്റെ മുമ്പിൽ തള്ളിപ്പറയും.'' എന്നാണ് കർത്താവ് അരുളിച്ചെയ്തത് (മത്തായി 10:33). ഇപ്പോൾ നിങ്ങൾ പറയുമോ, കർത്താവിനെ നിഷേധിച്ച വ്യക്തികളെ അവൻ സ്വർഗ്ഗത്തിൽ എടുക്കുമെന്ന്? ഒരിക്കലുമില്ല എന്നെനിക്കറിയാം. അതുപോലെ മാനസാന്തരപ്പെടാത്ത ആർക്കും രക്ഷിക്കപ്പെടാൻ കഴിയുന്നതല്ല. മാനസാന്തരപ്പെട്ടില്ലെങ്കിൽ അങ്ങനെ തന്നെ നശിച്ചുപോകുമെന്ന് കർത്താവ് പഠിപ്പിച്ചിരിക്കുന്നു (ലൂക്കൊസ് 13:3). അപ്പൊസ്തലനായ പൌലൊസിന്റെ പ്രസ്താവനയും ഇതിനോടു യോജിക്കുന്നു. ഇപ്പോൾ എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ ദൈവം കല്പിച്ചിരിക്കുന്നു (പ്രവൃത്തി 17:30).

വിശാല വഴിയിൽ നടക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ കഴിയുന്നതല്ല. കാരണം, വീതിയും വിശാലവുമായ വഴിയിൽ കൂടെ സഞ്ചരിക്കുന്നവർ നാശത്തിലേക്കു പോകുന്നു എന്നാണ് ക്രിസ്തു പഠിപ്പിച്ചത് (മത്തായി 7:13-

14). അവിശ്വസ്ഥർക്കു രക്ഷിക്കപ്പെടാൻ കഴിയുന്നതല്ല. അപ്പോൾ ഒരിക്കൽ രക്ഷിക്കപ്പെട്ടതുകൊണ്ട് രക്ഷ നഷ്ടപ്പെടുകയില്ല എന്നു ധരിക്കരുത്. വിശ്വസ്ഥത സൂക്ഷിച്ചില്ലെങ്കിൽ രക്ഷ നഷ്ടപ്പെടും. ഒരാൾ കർത്താവിനെ വിശ്വസിച്ച് അവൻെറ കല്പനകളെ അനുസരിച്ച് രക്ഷിക്കപ്പെട്ട് മരണത്തോളം അവൻെറ സഭയിൽ വിശ്വാസജീവിതം നയിക്കുന്നവർക്കാണ് കർത്താവ് നിത്യജീവൻ നല്കുന്നത് (വെളിപ്പാട് 2:10). എന്നാൽ ഒരാൾ ക്രിസ്തുവിൻെറ വചനം അനുസരിച്ച് രക്ഷിക്കപ്പെട്ടിട്ട് പിന്നീട് അവിശ്വസ്ഥനായി സഭയ്ക്കു പുറത്തു പോയാൽ മരണം വരെ അങ്ങനെ ജീവിച്ചാൽ അയാൾ നിത്യശിക്ഷാവിധിക്കിരയാകും. അയാൾക്കു നിത്യ നഷ്ടമായിരിക്കും ഫലം.

ഈ ആളുകൾക്കൊന്നും രക്ഷിക്കപ്പെടുവാൻ കഴിയുകയില്ലെങ്കിൽ പിന്നെ ആർക്കാണ് രക്ഷിക്കപ്പെടാൻ കഴിയുന്നത്? കർത്താവിനെ കേൾക്കുകയും, വിശ്വസിക്കയും, മാനസാന്തരപ്പെടുകയും ക്രിസ്തുവിനെ ഏററു പറയുകയും പാപമോചനത്തിനുള്ള സ്നാനം ഏല്ക്കുകയും ചെയ്യുന്നവരെ കർത്താവ് രക്ഷിക്കുന്നു. അവർ തങ്ങളുടെ വിശ്വസ്തത മരണത്തോളം സൂക്ഷിച്ചാൽ അവർ നിത്യമായി രക്ഷിക്കപ്പെടും (മർക്കൊസ് 16:15-16; വെളിപ്പാട് 2:10). കർത്താവിൻെറ കല്പനകൾ ഒക്കെയും പ്രമാണിച്ചു നടക്കുന്നവരെയാണ് കർത്താവ് രക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യുന്നത്. അവരെയാണ് കർത്താവ് തൻെറ ശരീരമായ സഭയിൽ ചേർക്കുന്നത്. അവരാണ് പുതുക്കം പ്രാപിച്ചവരും ക്രിസ്തുവിൽ ആയവരും (റോമർ 6:3-4; 2കൊരിന്ത്യർ 5:17). അവർ ഇടുങ്ങിയ വഴിയിൽ കൂടെ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നവരാണ്; അത് അവരെ ജീവങ്കലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കും.

മാനസാന്തരപ്പെട്ടു പാപമോചനത്തിനുള്ള കല്പന

യായ സ്നാനം ഏല്ക്കുന്നവർക്കാണ് ദൈവം തൻെറ ആത്മാവിനെ നല്കുന്നത് (പ്രവൃത്തി 2:38). അന്ത്യനാളിൽ അവരെ വീണ്ടെടുക്കുമെന്നുള്ളതിൻെറ മുദ്രയായിട്ടാണ് അങ്ങനെ ചെയ്യുന്നത്. ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവർ രക്ഷിക്കപ്പെട്ടവരാണ്. സ്നാനത്തിൽ യേശുക്രിസ്തുവിൻെറ രക്തവുമായി ബന്ധപ്പെടുന്നവരാണ് വാസ്തവത്തിൽ അവനെ അനുസരിക്കുന്നവർ. അവരുടെ പാപങ്ങൾ അവൻ തൻെറ രക്തത്താൽ കഴുകി കളയുന്നു (എഫെസ്യർ 1:7; റോമർ 6:3-4). അവരുടെ പേർ എഴുതപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അവർ കർത്താവിനുള്ളവർ എന്നർത്ഥം. അവനുള്ളവരെയാണ് അവൻ സ്വർഗ്ഗത്തിലേക്കു കൊണ്ടു പോകുന്നത് (വെളിപ്പാട് 20: 25; 21:27).

ഇതിൻെറ എല്ലാം അർത്ഥം സൂചിപ്പിക്കുന്നത് അനേകർ രക്ഷിക്കപ്പെടുകയില്ല എന്നതാണ്. കാരണം അവർ കർത്താവിനേയും അവൻെറ വചനത്തേയും വിശ്വസിക്കയോ അനുസരിക്കയോ ചെയ്യുന്നില്ല. അതിന് അവർക്ക് പല ഒഴിവുകഴിവുകളും പറയാനുണ്ടാകും. അതൊന്നും കർത്താവിനു സ്വീകാര്യമാവുകയില്ല. ചുരുക്കം ചിലർ ദൈവേഷ്ടം കേൾക്കുമ്പോൾ വിശ്വസിക്കയും അവൻെറ കല്പനകൾ അനുസരിക്കയും ചെയ്യുന്നു. അവർ രക്ഷിക്കപ്പെടുന്നു. തുടർന്നു അവർ ദൈവത്തോടു വിശ്വസ്ഥരായി മരണത്തോളം ജീവിച്ചാൽ അവർക്കു നിത്യ രക്ഷയുണ്ട്. അവരാണ് വാസ്തവത്തിൽ രക്ഷിക്കപ്പെടുന്നത്. മനുഷ്യരുടെ പ്രവൃത്തികൾ നിമിത്തം സാദ്ധ്യമല്ല എങ്കിലും ദൈവമാണ് നമ്മെ രക്ഷിക്കുന്നത് എന്നു നാം ഓർക്കണം. നിങ്ങൾ രക്ഷിക്കപ്പെട്ടോ? ഇല്ലെങ്കിൽ എന്താണ് തടസം?

★ ★

# വീണ്ടും വരിക ഭവാൻ!

എം. ഇ. കേശവൻ

കരുണാമയനായ യേശുദേവാ-
തരിക അഭയം നീ നമ്മൾക്കെന്നും,
ഇരുളിനെ മാററി വെളിച്ചം വിതയ്ക്കുന്ന-
പ്രിയദേവ, യെരുശലേമിന്റെ പുത്ര !

കുററങ്ങളൊന്നുമേ ചെയ്യാത്ത നിൻ പേരിൽ-
കുററം ചുമത്തി കുരിശിലേററി.
മുപ്പത് വെള്ളി നാണ്യങ്ങൾക്കു വേണ്ടിയാ-
ണപ്പോഴാ ക്രൂരൻ പ്രവർത്തിച്ചതും !

ഇന്നുമതുപോലെ മർത്ത്യജാതിക്കുള്ളിൽ,
ഭിന്നതയുണ്ടാക്കി പാവങ്ങളെ-
കുററപ്പെടുത്തിയും ക്രൂരമായ് നോവിച്ചും
ഒററിക്കൊടുക്കുന്നുയെത്ര കഷ്ടം !

ശാന്തിതൻ മന്ത്രവും സത്യമാർഗ്ഗങ്ങളും-
ഹന്ത! ഈ ഭൂമിയിൽ പോയ് മറഞ്ഞു,
ആന്തരികങ്ങളാം ചിന്ത മനുഷ്യരെ-
നീന്തിച്ചിടുന്നു കറുത്ത നീരിൽ !

ദുഃസ്ഥിതി മാററി ജനത്തെ രക്ഷിക്കുവാൻ-
വാസ്തവം കാട്ടി ബോധ്യപ്പെടുത്താൻ-
ഈ പ്രപഞ്ചത്തിന് സാന്ത്വനമേകുവാൻ,
വന്ന നാഥാ, ഭവാൻ വീണ്ടും വരൂ !

★

# എങ്ങനെ, എന്തുകൊണ്ടു വിശുദ്ധർ?

ക്ലിഫോർഡ് ഡിക്സൺ

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ്. മനുഷ്യർക്ക് ദൈവത്തോടു പറഞ്ഞു തീർക്കാനാകാത്ത ബന്ധവുമുണ്ട്. പൊതുവിൽ ദൈവം മനുഷ്യരെ പല പേരുകളാൽ വിളിക്കുന്നു. ഓരോരുത്തർക്കു കൊടുത്തിരിക്കുന്ന വിശേഷണമനുസരിച്ച് അതിനു വ്യത്യാസവുമുണ്ട്. പഴയനിയമത്തിലും പുതിയ നിയമത്തിലും ഇതു സൂചിപ്പിച്ചിട്ടുണ്ട്. നല്ലവരെന്നും മോശപ്പെട്ടവരെന്നും സാമാന്യം കൊള്ളാവുന്നവർ എന്നും മൂന്നായി മനുഷ്യർ മനുഷ്യരെ വിലയിരുത്താറുണ്ട്. പക്ഷെ നമുക്ക് ദൈവത്തിന്റെ വിലയിരുത്തലിലാണ് നോക്കേണ്ടത്. പുതിയ നിയമത്തിൽ കൊരിന്ത്യയിലെ കർത്താവിന്റെ സഭയിലുള്ള ആളുകളെ പൌലൊസ് വിശുദ്ധന്മാർ എന്നു വിളിച്ചിരിക്കുന്നു (1 കൊരിന്ത്യർ 1:2). നമ്മെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമായി നടപ്പിൻ എന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 4:1). അവൻ നമ്മെ വിശുദ്ധ വിളി കൊണ്ടു വിളിക്കയും ചെയ്തിരിക്കുന്നു (2തിമൊഥെയോസ് 1:9). ഇരുട്ടിന്റെ അധികാരത്തിൽ നിന്നു അത്ഭുത പ്രകാശത്തിലേക്കു നമ്മെ വിളിച്ചിരിക്കുന്നു (1പത്രൊസ് 2:4). ദൈവ കൃപ നാം ശരിയായി ആസ്വദിച്ച് നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പു വരുത്തണം.

എന്നാൽ ചോദ്യം ഇതാണ്. നാം ദൈവത്താൽ വിളിക്കപ്പെട്ടുവോ? എങ്കിൽ എങ്ങനെ ദൈവം വിളിച്ചിരിക്കുന്നു? ഇതിനുള്ള ഉത്തരം പുതിയ നിയമ ലേഖനങ്ങളിൽ ഉണ്ട്. ഞങ്ങളോ, കർത്താവിനു പ്രിയരായ സഹോദരന്മാരേ, ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വി

ശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷക്കായി തിരഞ്ഞെടുത്തതുകൊണ്ടു നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലൊ അവൻ ഞങ്ങളുടെ സുവിശേഷ ഘോഷണത്താൽ നിങ്ങളെ രക്ഷക്കു വിളിച്ചതു (2 തെസ്സലൊനീക്യർ 2:13-14). അപ്പോൾ പുതിയ നിയമ വ്യവസ്ഥ പ്രകാരം മനുഷ്യരെ ദൈവം വിളിക്കുന്നതു സുവിശേഷ ഘോഷണത്താലത്രെ. അതുകൊണ്ടാണ് സർവ്വ ലോകത്തിലും സുവിശേഷം പ്രസംഗിക്കുവാൻ കല്പിച്ചിരിക്കുന്നതു (മത്തായി 28:18-20). ആളുകൾ ഇന്നു ദൈവത്തിൽ വിശ്വസിക്കേണ്ടതു ദൈവ വചന കേൾവിയിലൂടെയാകണം (റോമർ 10:17). നാം ദൈവത്തിന്റെ സുവിശേഷത്താലുള്ള വിളി സ്വീകരിച്ച് അവനെ അനുസരിക്കുമ്പോൾ അവൻ നമ്മെ അവന്റെ മക്കളാക്കി തീർക്കുന്നു. (ഗലാത്യർ 3:26-27; എബ്രായർ 5:8-9).

മനുഷ്യ ചരിത്രം നാം പരിശോധിച്ചാൽ ഭൂരിഭാഗവും ദൈവകല്പനകളെ തള്ളിക്കളഞ്ഞ് മത്സരിക്കുന്ന സ്വഭാവം കാണുന്നുണ്ട്. ദൈവത്തിന്റെ നിലവാരത്തെ അവർ കൈക്കൊള്ളാതിരുന്നിട്ടും കർത്താവ് നമ്മെ വിളിക്കുന്നതു എന്തുകൊണ്ട് എന്ന ചോദ്യം ഉദിക്കുന്നുണ്ട്. നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ കഴിവുള്ള സുവിശേഷം നല്കി നമുക്ക് വീണ്ടെടുപ്പിനു അവസരം ഒരുക്കിയതെന്തിന്? നാം അതു സൗമ്യതയോടെ കൈക്കൊള്ളേണ്ടതിനാണോ? (യാക്കോബ് 1:21). ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൌമ്യതയോടെ കൈക്കൊൾവിൻ.

ദൈവത്തേയും ദൈവത്തിന്റെ ശ്രേഷ്ടതയേയും ലോകത്തിലുള്ള മനുഷ്യർക്കു കാണിച്ചു കൊടുക്കേണ്ടതിനു ദൈ

വം നല്ല ആളുകളിൽ കൂടെയാണ് പ്രവർത്തിക്കുന്നത്. അപ്പൊസ്തലനായിരുന്ന പൌലൊസ്, ദൈവ തേജസ്സിന്റെ പരിജ്ഞാനത്തെ പരാമർശിച്ച് പറയുന്നത് : എങ്കിലും ഈ അത്യന്ത ശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ശക്തിയത്രേ എന്നു വരേണ്ടതിനു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത് (2കൊരിന്ത്യർ 4:7). ദൈവത്തെ ശുശ്രൂഷിപ്പാൻ ദൂതന്മാർ ദൈവത്തിനുണ്ട്. എന്നാൽ സുവിശേഷം മനുഷ്യരിൽ എത്തിക്കുവാൻ ദൈവം മനുഷ്യരെ തന്നെയാണ് ഉപയോഗിക്കുന്നതു. ദൈവ ശ്വാസീയരായ മനുഷ്യരിൽ കൂടെയാണ് തന്റെ സുവിശേഷം ആദ്യം നല്കിയതും. അതിന്റെ ആവശ്യകത ദൈവം വ്യക്തമാക്കിയിട്ടുണ്ട്.

ദൈവവചനം ലോകത്തിലുള്ള സകല മനുഷ്യരേയും പഠിപ്പിക്കണം എന്ന ഉദ്ദേശം അപ്പൊസ്തലൻ വെളിപ്പെടുത്തിയിട്ടുണ്ട്. ''എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മററുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക (2തിമൊഥെയോസ് 2:2). നിങ്ങൾ പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന പരിവർത്തനങ്ങൾ എല്ലാം പരിശോധിച്ചാൽ അവിടെ എല്ലാം അവർ രക്ഷിക്കപ്പെടേണ്ടതിനു എന്തു ചെയ്യണം എന്നു പഠിപ്പിച്ചിരിക്കുന്നതായി കാണാം. ആ അവസരങ്ങളിൽ ഒന്നിലും ദൈവം ദർശനത്തിലൂടെയോ ഒരു ദൂതനിൽ കൂടെയോ രക്ഷക്കു എന്തു ചെയ്യണം എന്നു പറഞ്ഞിട്ടില്ല. മനുഷ്യരിൽ കൂടെയാണ് അത് അറിയിച്ചത്.

ദൈവം തിരഞ്ഞെടുത്തിരിക്കുന്ന മാർഗ്ഗം എത്രയോ ഉയർന്നതാണ്. വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി (1കൊരിന്ത്യർ 1:21). സകല മനുഷ്യർക്കും രക്ഷാകരമായ

ദൈവ കൃപ ഉദിച്ചുവല്ലൊ; നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും ദൈവ ഭക്തിയോടും കൂടെ നാം ജീവിച്ചു പോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു (തീത്തൊസ് 2:11-13). മനുഷ്യരക്കാം ദൈവത്തെയാണ് ഞങ്ങൾ അനുസരിക്കേണ്ടത് എന്നു ദൃഢസ്വരത്തിൽ പറയുവാനുള്ള കരുത്തുററ കല്ലായ പത്രൊസിനെ പോലുള്ളവരാണ് ദൈവവചന ഘോഷണത്തിനു ഉത്തമം. സുവിശേഷത്തിനു വേണ്ടി പോരാട്ടം കഴിക്കുന്ന, വിശ്വാസത്താൽ ജീവിക്കുന്ന പൌലൊസിനെ പോലെയുള്ള ആളുകളാണ് ഇന്നും ആവശ്യം (ഗലാത്യർ 2:20; ഫിലിപ്പിയർ 1:17).

സുവിശേഷീകരണമെന്ന കുററത്തിനു നാടുകടത്തി പത്മൊസ് ദ്വീപിൽ കൊണ്ടു വിട്ട യോഹന്നാൻ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ജീവിക്കുന്ന ദൈവത്തെ ആരാധിക്കുവാൻ കഴിയുന്നില്ലല്ലൊ എന്നതിലും തന്റെ സഹോദരവർഗ്ഗം ഇപ്പോൾ എങ്ങനെ കഴിയുകയായിരിക്കും എന്ന ചിന്തയാലും ആത്മ വിവശനായിരിക്കയാണ്. ക്രിസ്ത്യാനികൾ നേരിട്ട് മൃഗീയവും ക്രൂരവുമായ ഉപദ്രവങ്ങൾ നടന്നുകൊണ്ടിരുന്ന സമയമായിരുന്നു അത് (വെളിപ്പാട് 1:10). സത്യസന്ധരായ, വിശ്വസ്തരായ ക്രിസ്ത്യാനികളുടെ കടമയാണ് ഇതെല്ലാം. ദൈവത്തിന്റെ സുവിശേഷ ഘോഷണത്താലുള്ള വിളി നിങ്ങൾ കേൾക്കുന്നുവോ? സുവിശേഷ സത്യം നിങ്ങൾ അനുസരിക്കുന്നുവോ? സത്യം അറിയാത്തവരെ അത് പഠിപ്പിക്കുവാൻ ഇന്നും ദൈവം ഉപയോഗിക്കുന്നതു മനുഷ്യരെ തന്നെയാണ്.

★

# മരണശേഷം - പിന്നെ എന്ത്?

പീറ്റർ ഫോർഡ്

നിങ്ങൾ മരണത്തെ കുറിച്ചോ മരണശേഷം സംഭവിക്കുന്നതിനെ കുറിച്ചോ ചിന്തിച്ചിട്ടുണ്ടോ? ചിന്തിച്ചാലും ഇല്ലെങ്കിലും വാസ്തവത്തിൽ സംഭവിക്കുന്ന ചില കാര്യങ്ങൾ ഉണ്ട്. തെററായി ധരിച്ചുകൊണ്ടിരിക്കുന്ന ആളുകളും ഇല്ലാതില്ല. മനുഷ്യൻ ഭൂമിയിൽ വസിക്കുന്നു എന്നതു പരമാർത്ഥമാണ്. എന്നാൽ ഈ ഭൂമിയിലെ വാസം താല്ക്കാലികമാണ്. മരണശേഷം എന്തു സംഭവിക്കുന്നു എന്നു കർത്താവ് നമ്മെ പഠിപ്പിക്കുന്നുണ്ട്. ദൈവം നമുക്കു കാണിച്ചു തരുന്ന വസ്തുതകൾ ലൂക്കോസ് വരച്ചു കാണിച്ചിരിക്കുന്നു. (ലൂക്കൊസ് 16:19-31). ഈ വേദഭാഗം വായിച്ച് മനസ്സിലാക്കുമ്പോൾ നമ്മുടെ ഉള്ളിൽ ഏതാണ്ട് ഒരു രൂപം തെളിഞ്ഞു വരുന്നു. അതുകൊണ്ടു തിരുവെഴുത്തിലെ ഈ ഭാഗം വളരെ ശ്രദ്ധിച്ച് വായിക്കണം.

യേശുക്രിസ്തു വിവരിക്കുന്ന കഥയിൽ രണ്ടു വ്യക്തികളെ കുറിച്ച് പരാമർശിക്കുന്നുണ്ട്. അവരിൽ ഒരാൾ ധനവാനായിരുന്നു: അവൻ ആഗ്രഹിച്ചതൊക്കെ കൈവശമാക്കി. മററവൻ ലാസർ എന്ന പേരിൽ അറിയപ്പെട്ടു. അവൻ ദരിദ്രനും രോഗിയും ആയിരുന്നു. ഈ ദരിദ്രൻ, ധനവാനായ മനുഷ്യൻെറ പടിപ്പുരക്കൽ കുത്തു കിടന്നിരുന്നു. ധനവാൻെറ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ പെറുക്കി തിന്നുവാൻ അവൻ ആർത്തിയോടെ കിടന്നിരുന്നു. രണ്ടുപേരും ജീവിച്ചിരുന്നപ്പോൾ ആയിരുന്ന അവസ്ഥയാണ് ഇത്.

കുറെ നാൾ കഴിഞ്ഞപ്പോൾ ലാസർ മരിച്ചു. ധനവാനും മരിച്ചു. അവർ ജീവിച്ചിരുന്നപ്പോൾ അവർക്കു തമ്മിൽ

വലിയ അന്തരമുണ്ടായിരുന്നു. ഒരാൾ സുഖമായി ജീവിക്കയും മറെറാരാൾ പട്ടിണി കിടക്കയും ആയിരുന്നു. സമൃദ്ധിയും ഇല്ലായ്മയും തമ്മിലുള്ള വ്യത്യാസമായിരുന്നു അവർക്കു തമ്മിൽ ഉണ്ടായിരുന്നത്. മരണശേഷവും അവർക്കു തമ്മിൽ വലിയ അന്തരമുണ്ടാകുന്നതായി കാണുന്നു. പക്ഷെ കാററ് ഇപ്പോൾ തിരിഞ്ഞ് വീശിയിരിക്കയാണ്. അതായത് രണ്ടുപേരുടേയും സാഹചര്യം നേരെ തിരിഞ്ഞിരിക്കുന്നു. ലാസർ മരിച്ചപ്പോൾ ദൈവദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കാണ് കൊണ്ടുപോയത്. എന്നാൽ ധനവാൻ നോക്കിയപ്പോൾ അവൻ യാതനാസ്ഥലത്തു കിടക്കുന്നതായി കണ്ടു.

വിലയേറിയ അനേക പാഠങ്ങൾ ഈ ഭാഗത്തു നിന്നും നമുക്കു പഠിക്കാൻ കഴിയും. ധനം, ശക്തി, സാമൂഹ്യസ്ഥാനം എന്നിവ ഈ ഭൂമിയിലെ ജീവിതത്തിൽ മാത്രം. ഇതിനപ്പുറമായി അവയ്ക്കൊന്നും സ്ഥാനമില്ല. ധനവാനായിരുന്ന മനുഷ്യൻ ലോകത്തിൽ ആയിരുന്നപ്പോൾ അവന് ഇതെല്ലാം ഉണ്ടായിരുന്നു. പക്ഷെ മരണശേഷം അതൊന്നും ഇല്ല എന്നു മാത്രമല്ല, യാതന അനുഭവിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ ലാസർ ഇവിടെയായിരുന്നപ്പോൾ അവനു ഇതൊന്നും ഇല്ലായിരുന്നു. പക്ഷെ മരണശേഷം അവൻ സന്തോഷിക്കയും ആശ്വസിക്കയും ആണ് ചെയ്യുന്നത്.

മരണശേഷം വ്യക്തികൾക്കു ബോധമുണ്ട് എന്നതു പ്രാധാന്യമർഹിക്കുന്നു. കാര്യങ്ങൾ കാണുവാനും മനസിലാക്കുവാനും കഴിയുന്നു എന്നർത്ഥം. ചിലർ വിചാരിക്കുന്നത് ആളുകൾ മരിച്ചു കഴിഞ്ഞാൽ ഉയിർത്തെഴുന്നേല്ക്കുന്നതു വരെ അബോധാവസ്ഥയിലാണെന്നാണ്. അങ്ങനെയല്ല അപ്പോഴും അവർക്കു ബോധമുണ്ട് എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ശരീരം കല്ലറയിൽ ഉറങ്ങുന്നു എങ്കിലും ആത്മാവ് ഉണർന്നിരിക്കുന്നു. ഓർമ്മശക്തിയും കല്ലറക്കപ്പുറം നിലനില്ക്കുന്നു. ധനവാനു

ലാസറെ കണ്ടപ്പോൾ ഓർമ്മ ഉണ്ടു തിരിച്ചറിയുകയും ചെയ്തു. [illegible] അഞ്ചു സഹോദരന്മാർ ഭൂമിയിൽ വസിക്കുന്നതായും ഓർമ്മിക്കുന്നു. ലാസറിനെ അവന്റെ അപ്പന്റെ വീട്ടിലേക്ക് അയച്ചു സാക്ഷ്യം [illegible] അനുസരിക്കേണം എന്നു അപേക്ഷിച്ചു. പക്ഷെ അതു നിരസിക്കപ്പെടുകയാണുണ്ടായത് [illegible]

അനേകം അമ്മയപ്പന്മാർക്കു മരണശേഷം അവരുടെ മക്കളെ കുറിച്ചു ഓർമ്മ വരും. അവർക്കു അവസരം കിട്ടിയപ്പോൾ മക്കളെ കർത്താവിന്റെ സത്യവചനം പഠിപ്പിക്കാത്തതു ഓർമ്മ വരും. മരിച്ചവരിൽ നിന്നു ആരെങ്കിലും പോയി അവരെ പഠിപ്പിച്ചാൽ അവർ ഈ യാതനാസ്ഥലത്തു വരികയില്ലല്ലോ എന്നു വിചാരിക്കും. [illegible] അതു നടക്കുകയില്ല. [illegible] മരണത്തിനു മുമ്പ് ദൈവവചനം അനുസരിക്കുവാൻ ലഭിച്ച അവസരങ്ങൾ ഉപയോഗിക്കാതിരുന്നതിൽ ദുഃഖവും മനോവേദനയും അനുഭവപ്പെടും.

[illegible]

മരണത്തിനായി ഒരുങ്ങുവാനുള്ള സമയം ഈ ലോകജീവിതത്തിൽ ദൈവം മനുഷ്യനു നല്കുന്നു. ആ സമയം ശരിയായി ഉപയോഗിക്കാതിരുന്നാൽ ദൈവത്തെ പഴിച്ചിട്ടു കാര്യമില്ല. ദൈവം കാത്തിരിക്കുകയാണ് എത്ര പേർ രൂപാന്തരപ്പെടും എന്നറിയുവാൻ. ലോകത്തെയും മനുഷ്യരെയും ദൈവം നശിപ്പിക്കാത്തതു ദൈവത്തിന്റെ ദീർഘക്ഷമ കൊണ്ടാണ്. എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ച് ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുകയാണ് (2പത്രൊസ് 3:9). ദൈവം ഉണ്ടാക്കിയ മനുഷ്യരെയും ലോകത്തെയും ദൈവം നശിപ്പിക്കുന്നത് എന്തിന് എന്നു ചോദിച്ചേക്കാം. ദൈവത്തോടു മത്സരിച്ചു പാപം ചെയ്തു ദൈവത്തെ കോപിപ്പിക്കുകയാണ് മനുഷ്യർ. അപ്പോൾ ദൈവത്തിനു തന്റെ നിയമത്തെ നിലനിർത്തേണ്ടതും ആവശ്യമായി വരുന്നു. ഇല്ലെങ്കിൽ അത് ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമാകും.

ലാസർ പോയത് അനുഗ്രഹിക്കപ്പെട്ടവർ പോയ സ്ഥലത്തേക്കാണ്, വിശ്വസ്ഥരായി ജീവിച്ച ദൈവമക്കൾക്കു മരണശേഷം ഒരുക്കിയിരിക്കുന്നതാണ് അത്. പുനരുത്ഥാനവും ന്യായവിധിയും വരുന്നതുവരെ അവർ അവിടെ കാത്തിരിക്കും. ജീവനുള്ള കാലത്തു ദൈവത്തെ അറിയാതെ ദൈവേഷ്ടം അനുസരിക്കാതെ ജീവിക്കുന്നവർക്കു ഒരുക്കിയിരിക്കുന്നതാണ് യാതനാസ്ഥലം. ധനവാൻ മരിച്ചപ്പോൾ അവിടേക്കാണ് പോയത്. ദൈവ സന്ദേശം ചെവിക്കൊള്ളാതെ സ്വന്ത വഴികളിൽ സഞ്ചരിക്കുന്നവർ അവരുടെ മരണശേഷം യാതനാസ്ഥലത്താണ് എത്തിച്ചേരുന്നത്. അവരും പുനരുത്ഥാനവും ന്യായവിധിയും വരെ അവിടെയായിരിക്കും. ന്യായവിധിക്കു ശേഷമാണ് രണ്ടു സ്ഥലങ്ങളിലുമുള്ളവർക്കും സ്ഥലമാറ്റം ഉണ്ടാകുന്നത്. പറുദീസയിലുള്ളവർക്കു സ്വർഗ്ഗവും യാതനാസ്ഥലത്തുള്ളവർക്കു നരകവും ആണ് ലഭിക്കുന്നത്. മരിച്ച ശേഷം യാതനാസ്ഥലത്തുള്ളവർക്കു വേണ്ടി എന്തു ചെയ്താലും മോക്ഷം ഇല്ല എന്ന് അറിഞ്ഞിരിക്കുക.

നിങ്ങൾ മരണത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? മരണത്തെ നേരിടുവാൻ തയ്യാറായിട്ടുണ്ടോ? ഈ ലോക ജീവിതം അനിശ്ചിതമാണ്. നാളെ നാം ജീവിച്ചിരിക്കുമോ എന്ന് യാതൊരു ഉറപ്പും ഇല്ല. മരണം തീർച്ചയാണ്. "ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ; നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ" (യാക്കോബ് 4:13-14).

ഇപ്പോഴാകുന്നു രക്ഷാ ദിവസം, ഇപ്പോഴാകുന്നു രക്ഷാസമയം എന്നു ബൈബിളിൽ പറയുന്നു (2 കൊരിന്ത്യർ 6:2).

★

# മരണം - ദൈവത്തിൻെറ കാഴ്ച്ചപ്പാടിൽ

ജോ E.G.

മരണം എന്നതു എല്ലാവർക്കും സുപരിചിതമായ ഒന്നാണ്. എല്ലാവരും ഭയപ്പെടുന്ന ഒന്നാണ് മരണം. മരണത്തെ കുറിച്ചുള്ള നമ്മുടെ അറിവ് പരിശോധിക്കേണ്ടതാണ്. പലതിലും നമുക്കു പരിമിതികൾ ഉണ്ട് എന്നതു വാസ്തവമാണ്. യാഥാർത്ഥ്യം പൂർണ്ണമായും ചില കാര്യങ്ങളിൽ നമുക്കു ലഭ്യമല്ല. സർവ്വശക്തനും സൃഷ്ടികർത്താവും പരിരക്ഷകനും സർവ്വ വ്യാപിയും, സർവ്വജ്ഞാനിയും സർവ്വ ദർശിയുമായ ദൈവം ആണ് എല്ലാത്തിൻേറയും ഉറവിടം. അതുകൊണ്ടു നാം എങ്ങനെ കാണുന്നു എന്നതിനേക്കാൾ ദൈവം എങ്ങനെ കാണുന്നു എന്നതാണ് പ്രധാനം. ലോകത്തുള്ള മനുഷ്യരുടെ കണ്ടുപിടുത്തങ്ങളും ഊഹാപോഹങ്ങളും അവ്യക്തവും അപൂർണ്ണവുമാണ്. പുറമെയുള്ളതിൽ മാത്രം ഒതുങ്ങി നില്ക്കുന്ന കാഴ്ച്ചപ്പാടുള്ള മനുഷ്യൻെറ കാഴ്ച്ചപ്പാടിൽ സമയവും ഉൾപ്പെടുന്നു. താല്ക്കാലികമായവയിലാണ് മനുഷ്യ വീക്ഷണം ഒതുങ്ങി നില്ക്കുന്നത്. കാണുന്നതോ താല്ക്കാലികം കാണാത്തതോ നിത്യം. ദൈവം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കി വിശ്വസിക്കാവുന്നതാണ്. പല കാര്യങ്ങൾ നമുക്ക് ഭൗതിക നയനങ്ങൾ കൊണ്ടു കാണാൻ സാദ്ധ്യമല്ലെങ്കിലും അത് യാഥാർത്ഥ്യം തന്നെയാണ്.

മരണത്തെ കുറിച്ചു ദൈവം വെളിപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ വെളിപ്പാടിൽ നിന്നും വളരെ വിഭിന്നമായിട്ടുള്ള ചിന്താവീക്ഷണമാണ് മനുഷ്യർക്ക് ഉള്ളത്. ഒരു നല്ല മനുഷ്യൻെറ മരണത്തെ നാം സ്മരിക്കുന്നത് ഒരു നി

കത്താനാവാത്ത വിടവെന്നോ സഹിക്കാൻ പററാത്ത വേർപാടെന്നോ ഒക്കെയാണ്. ചിലർക്ക് ദുഃഖകരമായ പര്യവസാനമായി പറയപ്പെടുന്നു. ആ വ്യക്തി കുറെ കാലം കൂടെ ജീവിച്ചിരുന്നെങ്കിൽ അയാളുടെ കുടുംബത്തിനും സമൂഹത്തിനും എത്ര നന്നായിരുന്നു എന്നാണ് മാനുഷികമായ ചിന്ത. അതുപോലെ ദുഷ്ടനായ ഒരാൾ മരിച്ചാൽ അതു നന്നായി; അയാളെക്കൊണ്ടുള്ള ഉപദ്രവം തീർന്നല്ലോ; സ്വർഗ്ഗം പോലും സന്തോഷിക്കും എന്നാണ് മനുഷ്യരുടെ ഉള്ളിൽ തോന്നുന്നത്. ഇതെല്ലാം സാധാരണ ആളുകളെ സംബന്ധിച്ച് കേൾക്കാറുള്ള പ്രസ്താവനകളാണ്. ദൈവത്തിന്റെ കാഴ്ചപ്പാട് ഇതിനപ്പുറമാണ് എന്ന കാര്യം പലർക്കും അറിഞ്ഞുകൂടാ. തിരുവെഴുത്തു പരിശോധിച്ച് നമ്മുടെ അറിവ് എത്രമാത്രം ശരിയാണ് എന്ന് താരതമ്യം ചെയ്യാവുന്നതാണ്.

## ദുഷ്ടന്റെ മരണം

ഭൗതികമായ മരണത്തിൽ ജഡവും ആത്മാവും തമ്മിൽ വേർപിരിയുകയാണ്. ദുഷ്ടത ദൈവം ഇഷ്ടപ്പെടാത്തതുപോലെ ദുഷ്ടന്റെ മരണവും ദൈവം ഇഷ്ടപ്പെടുന്ന ഒന്നല്ല. ഒരു ദുഷ്ടൻ മരിക്കുമ്പോൾ അവന്റെ നിത്യനാശം മുദ്രയിടപ്പെടുകയാണ് ചെയ്യുന്നത്. പിന്നീട് അവന് തന്റെ അവസ്ഥക്കു മാററം വരുത്താൻ കഴിയുകയില്ല. ഒരു വ്യക്തി പോലും നശിച്ചു പോകുന്നതു ദൈവത്തിനു ഇഷ്ടമുള്ള കാര്യമല്ല (2പത്രൊസ് 3:9). അതേ സമയം എല്ലാവരും രക്ഷിക്കപ്പെടുവാൻ ദൈവം ഇച്ഛിക്കുന്നു (1തിമൊഥെയൊസ് 2:4). "എന്നാണെ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്: നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിവിൻ, യിസ്രായേൽ ഗൃഹമേ നിങ്ങൾ എന്തിനു മരിക്കുന്നു എന്നു അവരോടു പറക" (യെഹസ്കേൽ 33:11).

ഈ ഭൂമിയിലുള്ള മനുഷ്യരുടെ ജീവിതം ക്രമപ്പെടുത്തുന്നതിന് ദൈവം നിയമങ്ങൾ, ഉപദേശങ്ങൾ, വാഗ്ദാനങ്ങൾ എന്നിവ നല്കിയിരിക്കുന്നു. അവ ലംഘിച്ചുകൊണ്ടു അവിശ്വാസികളായി ജീവിക്കുന്നവർ മരണത്തോടുകൂടി അവരുടെ അന്തിമ സ്ഥാനം ഉറപ്പിച്ചു കഴിഞ്ഞു. അതായത് അവർക്കു സുവിശേഷം അനുസരിക്കുവാനുള്ള അവസരം അവർ പാഴാക്കി കളഞ്ഞു എന്നർത്ഥം. അവരുടെ ആത്മാക്കൾക്കു സംഭവിക്കാനിരിക്കുന്ന നിത്യമായ ശിക്ഷ ഭയങ്കരമാണ്. അതുകൊണ്ട് ദൈവത്തിനു ഇങ്ങനെയുള്ളവരുടെ മരണം ഇഷ്ടമല്ല. അവരുടെ പ്രവൃത്തികൾക്കു ഉത്തരവാദി അവർ തന്നെയാണ്. അവർക്കു ഭൗതിക മരണം നിത്യമരണമായി ഭവിക്കുന്നു. കാരണം അവരുടെ അകൃത്യങ്ങളാണ്.

## നീതിമാന്റെ മരണം

വിശ്വസ്തനായ ഒരു ക്രിസ്ത്യാനിയുടെ ഭൗതിക മരണം ദൈവത്തിനു വിലപ്പെട്ടതാണ്. അവന്റെ ഭക്തന്മാരുടെ മരണം യഹോവെക്കു വിലയേറിയതാകുന്നു (സങ്കീർത്തനങ്ങൾ 116:15). ഈ ഭൂമിയിലെ നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യം വരുവാനുള്ള ലോകത്തിൽ ദൈവവുമായി എന്നേക്കും വസിക്കുക എന്നതാണ്. നമ്മുടെ കഴിവിന്റെ പരമാവധി നാം ഈ ഭൂമിയിലെ ജീവിതത്തിൽ അതിന്നായി തയ്യാറെടുക്കണം. ദൈവേഷ്ടം എന്തെന്നു അറിഞ്ഞാൽ മാത്രമെ നമുക്ക് അതിനു കഴിയുകയുള്ളു. മനുഷ്യ ജീവിതത്തിന്റെ ആകെത്തുക എന്തെന്നു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാറ്റിന്റേയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത് (സഭാപ്രസംഗി 12:13). ഒരാൾ ഇവിടെ ദൈവകല്പനകൾ അനുസരിച്ച് ജീവിച്ച് മരിച്ചാൽ വരുവാനുള്ള ലോകത്തിൽ കർത്താവുമായി ശ്രേഷ്ഠമായ ജീവിതം ന

യിക്കാൻ സാധിക്കും (ഫിലിപ്പിയർ 1:23; 2കൊരിന്ത്യർ 5:8). യോഹന്നാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടത്: ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ. അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു (വെളിപ്പാട് 14:13).

## നമുക്കുള്ള പാഠങ്ങൾ

ദുഷ്ടന്റെ മരണം ദൈവത്തിന്റെ കാഴ്ചപ്പാടിൽ ദുഃഖപര്യവസാനമായതുകൊണ്ട് നാം നമ്മുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കണം. നാം ദൈവത്തിന്റെ നീതി എന്തെന്നു മനസിലാക്കി പ്രവർത്തിക്കുകയും രക്ഷ അവസാനത്തോളം സൂക്ഷിക്കയും വേണം. അതോടൊപ്പം നമുക്കുള്ള മറെറാരു ബാദ്ധ്യത നാം മറന്നു കളയരുത്. അത് എന്തെന്നാൽ മററുള്ളവരെ ദൈവത്തിന്റെ രക്ഷാപദ്ധതിയെയും നീതിയെയും പഠിപ്പിച്ചു അവരെ സ്വാധീനിച്ച് രക്ഷക്കുള്ള അവസരം നാം ഒരുക്കി കൊടുക്കണം. തിരുവെഴുത്ത് പ്രബോധിപ്പിക്കുന്നതു: പാപിയെ നേർവഴിക്കു ആക്കുന്നവൻ, അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ (യാക്കോബ് 5:20).

അനേകരെ രക്ഷയിലേക്കു നയിക്കുന്നതിനു സ്വാധീനം ചെലുത്തുവാൻ നമുക്ക് എല്ലാവർക്കും കഴിയും. നാം എപ്പോഴും ഇടപെടുന്ന നമ്മുടെ കുടുംബാംഗങ്ങളും ഉണ്ടല്ലൊ. അവരിൽ ആരെങ്കിലും വചനം അനുസരിച്ചിട്ടില്ലെങ്കിൽ അവരെ രക്ഷക്കുള്ള വഴി കാണിച്ച് കൊടുക്കണം. ചില ഭർത്താക്കന്മാർക്ക് സുവിശേഷം അനുസരിക്കാത്ത ഭാര്യമാർ കണ്ടേക്കാം. ചില ഭാര്യമാർക്ക് അനുസരിക്കാത്ത ഭർത്താക്കന്മാർ കണ്ടേക്കാം. അതല്ലെങ്കിൽ സഹോദരനോ സഹോദരിയോ ഉണ്ടാകാം. അവരോടുള്ള ഈ ഉത്തരവാദിത്വത്തിൽ നിന്നും നാം ഒഴിഞ്ഞു മാറരുത്. നമ്മുടെ ഉദാസീനതകൊണ്ടു അവർ നഷ്ടപ്പെടാനിടയാകരുത്.

★

# മൃഗത്തോടു വാദിക്കാൻ സാദ്ധ്യമല്ല

ക്ലെം തർമാൻ

ഏതൊരു നായാട്ടുകാരനും അറിയാവുന്ന കാര്യമാണ് വന്യമൃഗങ്ങളോട് തർക്കിക്കാൻ കഴിയുകയില്ല എന്നത്. ആ ജന്തുവിനോട് അവകാശ വാദങ്ങൾ ഉന്നയിച്ചതുകൊണ്ടു വിശേഷമൊന്നുമില്ല. അത് നേരെ വന്നാൽ ശത്രു എന്നു കരുതി ആക്രമിക്കും. അതിനു മുൻപ് ഒന്നുകിൽ അതിന്റെ ആക്രമണത്തിൽ നിന്നു ഒഴിഞ്ഞു മാറാം. അല്ലെങ്കിൽ അതിനെ വീഴ്ത്താം. ഈ രണ്ടു അവസരങ്ങളാണ് ഒരാൾക്കു മുന്നിൽ ഉള്ളത്. ആക്രമിച്ചു കീഴ്പ്പെടുത്തുക എന്നതാണ് ഭദ്രമായ വഴി. ഇത് മനസ്സിലാക്കാത്തവൻ അതിന്റെ വില കൊടുക്കണം. 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക' എന്നു നമ്മോടു അരുളിച്ചെയ്തിട്ടുണ്ടെങ്കിലും ചില കാര്യങ്ങളിൽ നിന്നു നമ്മോടു ഓടിപ്പോകുവാനും പറഞ്ഞിട്ടുണ്ട് (1തിമൊഥെയോസ് 6:12). ഈ ഘട്ടത്തിൽ സമയം അനുവദിക്കുന്നെങ്കിൽ പെട്ടെന്നുള്ള പലായനം വിജയിപ്പിക്കുന്നു. പരാക്രമവും ധൈര്യവും എന്നപോലെ വിവേചനാപൂർവ്വം ഉപയോഗിക്കാൻ കൂടെ നാം ശീലിക്കണം. മുൻശുണ്ഠി പലരേയും അപകടം വരുത്തുന്നതു പോലെ സൂക്ഷിച്ചില്ലെങ്കിൽ മുൻപറഞ്ഞവയും നമുക്കു ദോഷമായി ഭവിക്കും.

ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവിൻ (എഫെസ്യർ 6:10-11) സാത്താന്റെ ശക്തിയോട് എതിർക്കുവാൻ ഒരു തയ്യാറെടുപ്പ് ആവശ്യമാണ്. അതാണ് ദൈവത്തിന്റെ ആയുധമെടുക്കുക എന്നതു സൂചിപ്പിക്കുന്നത്. 'ആകയാൽ നി

ങ്ങാം ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തു നില്പിൻ: എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും (യാക്കോബ് 4:7). ദൈവത്തിൻെറ ആയുധങ്ങളാൽ ശക്തി പ്രാപിച്ചു കൊണ്ടു വേണം നാം ശക്തി പ്രാപിക്കുവാൻ. അതേ സമയം ചില കാര്യങ്ങളിൽ നാം നേരിട്ട് ചെന്ന് വീണു കൊടുക്കാതിരിക്കേണ്ടതിനു ഓടി രക്ഷപ്പെടുവാൻ പറഞ്ഞിട്ടുണ്ട്. അതാണ് ഈ സാഹചര്യത്തിൽ നമ്മെ വിജയിപ്പിക്കുന്നത്. ഉദാഹരണമായി ദുഷ്ടത. ക്രിസ്ത്യാനികളോടു തിരുവെഴുത്തു പ്രബോധിപ്പിച്ചിരിക്കുന്നത് "സകല വിധ ദോഷവും വിട്ടകലുവിൻ'' എന്നത്രേ (1തെസലൊനിക്യർ 5:22). ക്രിസ്ത്യാനികളായി തീർന്ന എല്ലാവരും വിശ്വാസത്തിൽ ജീവിച്ച് വേണം പോരാട്ടത്തിൽ ഏർപ്പെടുവാൻ. സ്വന്ത ശക്തിയിൽ ആശ്രയിക്കരുത്. പോരാടേണ്ട സമയം പോരാടാതെ ഒഴിഞ്ഞു മാറരുത്. ആക്രമിക്കരുതാത്ത സമയത്തു ആക്രമിക്കയും അരുത്. അത് തിരിച്ചറിയുവാനായി തിരുവെഴുത്തിലേക്കു നിങ്ങളുടെ ശ്രദ്ധയെ ഞാൻ തിരിച്ചുവിടുകയാണ്.

## യൌവ്വന മോഹങ്ങൾ വിട്ടകലുക

യൌവ്വന മോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക എന്നത്രേ അപ്പൊസ്തലനായ പൌലൊസ് യുവാവായ തിമൊഥെയോസിനോടു പ്രസ്താവിച്ചത് (2തിമൊഥെയോസ് 2:20). ഏതൊരു ക്രിസ്ത്യാനിയുടേയും ആത്മീയ ശക്തി ക്ഷയിപ്പിക്കുന്നതാണ് ജഢിക മോഹം. ജഢിക മോഹം ദൈവത്തിനു ശത്രുതയാണെന്നു തിരുവചനം വ്യക്തമാക്കുന്നു (1യോഹന്നാൻ 2:16). ദൈവ ഭക്തിയുള്ളവനായിരുന്നു തിമൊഥെയോസ്. എങ്കിലും അവൻെറ പ്രായത്തിൽ കടന്നു വരാനിടയുള്ള ശാരീരിക മോഹങ്ങളെ

വിട്ടോടുവാൻ പറഞ്ഞിരിക്കുന്നു. അത് ഏററവും നല്ല മാർഗ്ഗമാണ്. അതിനെ നേരിട്ടു തോല്പിക്കാൻ സാദ്ധ്യമല്ല എന്നതാണ് കാരണം. പരീക്ഷണങ്ങളിൽ അകപ്പെടാതെ അവയിൽ നിന്നും ഓടി രക്ഷപ്പെടണം. അതാണ് വന്യമൃഗങ്ങളോട് വാദിക്കാൻ നില്ക്കരുത്, വെട്ടാൻ വരുമ്പോൾ അതിനോട് കിന്നാരം ഓതരുത് എന്നതിനർത്ഥം. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്. അത് നമ്മെ കീഴ്പ്പെടുത്താതിരിക്കേണ്ടതിനു ഓടി രക്ഷപ്പെടണം. അല്ലെങ്കിൽ മോഹത്തിന് ഇരയായി തീരും. അതുകൊണ്ടു പററിയ മാർഗ്ഗം ആ സാഹചര്യത്തിൽ നിന്നും ഓടി കളയുക എന്നതാണ്.

പഴയ നിയമ കാലത്തു ജീവിച്ചിരുന്ന ദൈവ ഭക്തിയുള്ള ഒരാളായിരുന്നു യോസേഫ്. അവനോട് തൻെറ സഹോദരങ്ങൾക്കു അസൂയ തോന്നി അവനെ മിസ്രയീം കച്ചവടക്കാർക്കു അടിമയായി വിററു കളഞ്ഞു. അവനെ പൊത്തിഫേറിനു ദാസനായിട്ടാണ് ഏല്പിച്ചു കൊടുത്തത്. എന്നാൽ ദൈവം യോസേഫിനോടു കൂടെ ഉണ്ടായിരുന്നതിനാൽ അവനെ നല്ല ഉത്തരവാദിത്വവും പദവിയും തേടി വന്നു. അതോടു കൂടെ കുഴപ്പങ്ങൾ ആരംഭിക്കാൻ തുടങ്ങി. പോത്തീഫറിൻെറ ഭാര്യ യോസേഫിനെ അവളുമായി വ്യഭിചരിക്കുവാൻ പ്രേരിപ്പിച്ചു. എന്നാൽ അവൻ അത് നിരസിക്കയും എന്തുകൊണ്ടാണെന്നു കാര്യകാരണ സഹിതം വെളിപ്പെടുത്തുകയും ചെയ്തു. "ഇതാ, വീട്ടിൽ എൻെറ കൈവശമുള്ള യാതൊന്നും എൻെറ യജമാനൻ അറിയുന്നില്ല; തനിക്കുള്ളതൊക്കെയും എൻെറ കയ്യിൽ ഏല്പിച്ചിരിക്കുന്നു. ഈ വീട്ടിൽ എന്നെക്കാൾ വലിയവനില്ല. നീ അവൻെറ ഭാര്യയാകയാൽ നിന്നെയല്ലാതെ മററു യാതൊന്നും അവൻ എനിക്കു വിരോധിച്ചിട്ടുമില്ല. അതുകൊണ്ടു ഞാൻ ഈ മഹാദോഷം പ്രവർത്തിച്ചു ദൈവത്തോടു പാപം ചെയ്യുന്നതെങ്ങനെ എന്നു പറഞ്ഞു (ഉല്പത്തി 39:8-9). അവൻെറ വസ്ത്രം കടന്നു പിടിച്ച് അവളോടു

കൂടെ ശയിക്ക എന്നു പറഞ്ഞപ്പോൾ അവൻ തന്റെ വസ്ത്രം വിട്ടു ഓടി പോയി.

## "ദ്രവ്യാഗ്രഹത്തിൽ നിന്നു ഓടി അകലുക"

തന്നെ കുറിച്ചും തന്റെ ആഗ്രഹങ്ങളെ കുറിച്ചും മാത്രം കരുതിയിരുന്ന ഒരു ധനവാന്റെ കഥ യേശു പഠിപ്പിക്കുന്നുണ്ട് (ലൂക്കൊസ് 12:16-21). തെറ്റായ വസ്തുക്കളിൽ ആയിരുന്നു അവന്റെ പ്രതിപത്തി. അവന്റെ മനസ്സിനെ അതിൽ നിന്നു തിരിക്കുവാനാണ് കർത്താവ് പറഞ്ഞത്.. ധനസമൃദ്ധിയിൽ ശ്രദ്ധ ചെലുത്തി ജീവിക്കുന്നവർ ദൈവത്തോടു ബന്ധം പുലർത്താൻ ശ്രമിക്കാതിരിക്കുന്നു. പൌലൊസ് തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്ന കാര്യവും ഇത് തന്നെ (1തിമൊഥെയൊസ് 6:6-11). ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമല്ലൊ. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുന്നു. അത് വിട്ടോടി, നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക.

## "വിഗ്രഹങ്ങളെ വിട്ടോടുവിൻ"

ലോകത്തുള്ള വിവിധ മതവിഭാഗങ്ങൾ, വിഗ്രഹങ്ങൾ അഥവാ ബിംബങ്ങൾ ഉണ്ടാക്കി ദൈവമെന്നോ ദൈവത്തിന്റെ പ്രതിനിധികൾ എന്നോ കരുതി വണങ്ങുന്നു. ഇത് ദൈവ സന്നിധിയിൽ കുറ്റകരമായ നിഷേധമാണ്. കാരണം ദൈവം വിലക്കിയിരിക്കുന്നതാണ് അത് (പുറപ്പാട് 20:4). പുതിയ നിയമത്തിൽ പൌലൊസും രേഖപ്പെടുത്തിയിട്ടുണ്ട്, "അതുകൊണ്ട് പ്രിയന്മാരെ, വിഗ്രഹങ്ങളെ വിട്ടോടുവിൻ" (1കൊരിന്ത്യർ 10:14). അന്യദൈവങ്ങളുടെ പേരിൽ ഉണ്ടാക്കിയാൽ മാത്രമല്ല, സത്യദൈവമെന്ന രീതിയിൽ ബിംബമുണ്ടാക്കിയാലും വണങ്ങിയാലും തെറ്റാണ്.

★

# ദൈവത്തിൽ നിന്ന് ഒരു പുസ്തകം

ഗാരി സി. എച്ച്

വേദ പുസ്തകത്തിന്റെ ഉറവിടം, ആധികാരികത, വിശ്വസനീയത എന്നിവ പല കാലഘട്ടങ്ങളിലും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആർക്കും ഏതു കാലത്തും പരിശോധിക്കാവുന്നതും വിലയിരുത്താവുന്നതുമാണ്. ആന്തരികവും ബാഹ്യവുമായ നിരവധി തെളിവുകൾ ഈ പുസ്തകത്തെ ബലപ്പെടുത്തുന്നുണ്ട്. അത് തിരിച്ചറിയാതെ അന്ധമായി എതിർക്കുന്നതു ആർക്കും ഭൂഷണമല്ല. വസ്തുനിഷ്ഠമായ പഠനം അന്തിമ തീരുമാനത്തിനു സഹായകരമാകും. ഇന്നു ലോകത്തിൽ ധാരാളം പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉണ്ട്. അവയിൽ ഒന്നും ഇല്ലാത്ത പ്രത്യേകത മറ്റൊന്നിൽ കാണുന്നു. അമാനുഷവും അസാധാരണവുമമായ സ്വഭാവം അടങ്ങുന്ന ഒന്നാണ് ബൈബിൾ. അത് മനുഷ്യരുടേതോ ദൈവത്തിന്റേതോ എന്ന തിരിച്ചറിവ് അതിന്റെ പഠനത്തിനു നമ്മെ സഹായിക്കും.

വിശുദ്ധ വേദപുസ്തകം ദൈവ ശ്വാസീയമാണെന്നു അതിൽ തന്നെ പറയുന്നു. അതായത് മനുഷ്യരുടേതല്ല എന്നു വെളിപ്പെടുത്തിയിരിക്കുന്നു. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു (2തിമൊഥെയോസ് 3:16-17). ദൈവം ശ്വസിച്ച എന്നർത്ഥം വരത്തക്ക ഗ്രീക്കു പദമാണ് മൂല ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതു. നമുക്ക് അറിയാം നാം സംസാ

രിക്കുമ്പോൾ ശ്വാസം കഴിക്കും. ദൈവം തന്റെ ശ്വാസത്തിലൂടെ നല്കപ്പെട്ട വചനമാണ് ബൈബിൾ. നമ്മുടെ പ്രയോജനത്തിനു വേണ്ടി ദൈവം സംസാരിച്ചതായ അരുളപ്പാടുകളാണ് തിരുവെഴുത്ത്. അപ്പോൾ ബൈബിളിന്റെ ഉറവിടം ദൈവമാണ്; ദൈവത്തിൽ നിന്നു ഉത്ഭവിച്ചതാണ്.

പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രവചനങ്ങൾ നാം കാണുന്നുണ്ട്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുന്നതാണ് പ്രവചനം. അനേക സംഭവങ്ങൾ ഇങ്ങനെ മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. മനുഷ്യർക്ക് കൃത്യമായി സ്വന്ത കഴിവിനാൽ പ്രവചിക്കുക അസാദ്ധ്യമാണ്. പത്രോസ് അതിനെ കുറിച്ച് പരാമർശിക്കുന്നത്; പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ (2പത്രോസ് 1:21). അപ്പോസ്തലനായിരുന്ന പൌലൊസ് പറയുന്നത് കേൾക്കുക. സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അത് ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചതു (ഗലാത്യർ 1:11-12). ദൈവത്തിന്റെ വെളിപ്പാടു ലഭിച്ച ആളുകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായി ലഭിച്ചതാണ് ബൈബിൾ.

ബൈബിളിലെ പഴയ നിയമ എഴുത്തുകാരും പുതിയ നിയമ എഴുത്തുകാരും ദൈവ ശാസ്ത്രീയതയെ അവകാശപ്പെടുന്നുണ്ട് (യെശയ്യാവ് 1:1-2; യിരമ്യാവ് 1:1-2; യെഹസ്കേൽ 1:1-3; 1തെസലൊനീക്യർ 2:13; 2പത്രൊസ് 3:2).

(ശേഷം അടുത്ത ലക്കത്തിൽ)

# ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്

## W.A. ഹോളെ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

സ്വാർത്ഥത എന്ന ബിംബത്തെ വണങ്ങുന്നവർ വിരളമല്ലാ. സ്വന്തം അഭിപ്രായങ്ങളിൽ, ഇഷ്ടങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കുന്നവർ ചുരുക്കമല്ല. സ്വന്തം നന്മയെ ആഗ്രഹിക്കരുത് എന്നല്ല അതിനർത്ഥം. മറിച്ച് അതിൽ മാത്രം ഊന്നൽ കൊടുക്കുക. തികച്ചും ഇടുങ്ങിയ ചിന്താഗതിക്കാരാണിവർ. ദൈവത്തെ കൂടാതെ മനുഷ്യൻ നിസ്സഹായനാണ്. അതുപോലെ കർത്താവിന്റെ സഭയും വേദപുസ്തകവും കൂടാതെ ആരും തികവുള്ളവർ ആകുന്നില്ല (യോഹന്നാൻ 15 1-7). പ്രതിബിംബങ്ങളെ കാണാൻ ശ്രമിക്കയും യാഥാർത്ഥ്യത്തെ കാണാതിരിക്കയും ചെയ്യുന്നത് വിരോധാഭാസമാണ്. സൃഷ്ടി കർത്താവും സൃഷ്ടിയും തമ്മിലുള്ള ബന്ധം സത്യത്തിൽ അധിഷ്ഠിതമാണ്. സഹ: സഹോദരങ്ങളുമായുള്ള ബന്ധവും അങ്ങനെ തന്നെ. നിസ്വാർത്ഥമായ ജീവിതം നമ്മെ സന്തുഷ്ടമാനസരാക്കും.

ലൈംഗികത ഇന്നു ഭേശ വ്യാപകമായ ഒരു വ്യാപാരതരംഗം സൃഷ്ടിച്ചിരിക്കുന്നു. വാർത്താ മാദ്ധ്യമങ്ങൾ എല്ലാം ആ നിലവാരത്തിലേക്കു താഴ്ന്നിരിക്കുന്നു. പൊതുജനങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള ചിത്രങ്ങൾ പരസ്യ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. പള്ളികളിലും ക്ഷേത്രങ്ങളിലും ബിംബങ്ങൾ, ജനങ്ങളെ ഭക്തിക്കായി ശ്രദ്ധിക്കാൻ രൂപപ്പെടുത്തിയിരിക്കുന്നു. എന്നാൽ വ്യവസായികൾ തങ്ങളുടെ ഉല്പന്നങ്ങൾ ചിററഴിക്കുവാനാ

ണ് ഈ നഗ്ന ചിത്രങ്ങൾ പ്രസിദ്ധീകരിക്കയും പ്രദർശിപ്പിക്കയും ചെയ്യുന്നത്. ദൈവേഷ്ടത്തിനു വിരുദ്ധമായിട്ടുള്ള വസ്ത്രധാരണ ഭ്രമവും വിഗ്രഹാരാധന തന്നെ (ഉല്പത്തി 2:24-26; മത്തായി 19:3-9). മനുഷ്യൻ മൃഗങ്ങളെപ്പോലെ ആകുന്ന കാഴ്ച എത്ര ദയനീയം? പുരുഷന്റേയും സ്ത്രീയുടേയും ശരീരത്തെ ഉയർത്തി കാണിച്ച് കച്ചവടം നടത്തുന്നവർ തെളിയിക്കുന്നത് അവർ എങ്ങനെ ആരാധിക്കുന്നു എന്നതാണ്. ലജ്ജാബോധം ആളുകൾക്കുള്ളിൽ നഷ്ടമായികൊണ്ടിരിക്കുന്നു (ഉല്പത്തി 19:5; ലേവ്യ 18:22; റോമർ 1:26-27).

ഭ്രാന്തമായ കായിക വിനോദങ്ങൾ പലരിലും കാണുന്ന പ്രത്യേകതയാണ്. വിനോദപ്രദമായ കളികൾ കാണുന്നതിനു ആളുകൾ ആരാധന മുടക്കി മൈലുകൾ സഞ്ചരിച്ച് സമയം ചെലവിടുന്നു. കർത്താവിന്റെ രാജ്യം ആദ്യം അന്വേഷിക്കുവാനല്ലേ കർത്താവു പറഞ്ഞിരിക്കുന്നത് (മത്തായി 6:33). എല്ലാററിനും പ്രാധാന്യം ദൈവത്തിനും ദൈവിക കാര്യങ്ങൾക്കും നല്കണം. ദൈവത്തിൽ നിന്നും അകന്നു പോകുന്ന യാതൊരു സ്വഭാവവും നമ്മിൽ ഉണ്ടാകരുത് (1കൊരിന്ത്യർ 10:31-33).

ശക്തിയെ ദൈവത്തെപോലെ കാണുന്നവർ ഉണ്ട്. മനുഷ്യരെ നിയന്ത്രിക്കുന്ന സ്വഭാവമാണ് അവർക്ക്. നുണ മോഷണം, ചതി എന്നിവയെല്ലാം അവരുടെ കാര്യ സാദ്ധ്യത്തിനായി ഉപയോഗിക്കുന്നു. തിരഞ്ഞെടുപ്പുകളിൽ കാണുന്ന അഴിമതികൾ എല്ലാം തന്നെ അധികാരത്തിൽ വരുന്നതിനു വേണ്ടിയാണ്. മററുള്ളവരെ ക്രൂശിൽ തറച്ചാലും അവർക്ക് സ്ഥാനമാനങ്ങളിൽ എത്തി പിടിക്കണം എന്നതാണ് അവരുടെ ലക്ഷ്യം (3യോഹന്നാൻ 9-11)

പിശാചിനെ നമസ്ക്കരിക്കുന്നവർ അസംഖ്യമാണ്. സാത്താന്റെ പരീക്ഷണങ്ങളിൽ അവർ കുടുങ്ങിയിരിക്കയാണ്.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86, A8, Regd. No. KL/TV (N) 22

# ATTENTION PLEASE

## NEW TESTAMENT CHURCH AT WAYANAD

AS A RESULT OF RADIO PROGRAMME
People around that Area may Contact

വയനാട്ടിൽ ക്രിസ്തുവിന്റെ സഭ
ആരംഭിച്ചിരിക്കുന്നു.

Bro. Oommen Mathew
CHURCH OF CHRIST
THOLPETTY P.O.
WAYANAD

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To